രാമവർമ്മതമ്പുരാൻ — സംരക്ഷകൻ അവിടെ പോയി അന്വേഷിക്കാറുണ്ട്.

മിസ്റ്റർ കെ. പി വള്ളോൻ: അവിടെ അദ്ദേഹം സ്ഥിരമായി താമസിക്കുന്നുണ്ടോ എന്നു ഗവർമ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:— സ്ഥിരമായി സംരക്ഷകൻ അവിടെ താമസിച്ചതായിട്ട് അറിവില്ല.

Municipal Tank in Kizhakkumpattukara

99. മിസ്റ്റർ കെ. പി. വള്ളോൻ:— തൃശ്ശിവപേരൂർ കിഴക്കും പാട്ടുകര മുനിസിപ്പൽ മിച്ചഭൂമിയിൽ കുഴിപ്പിച്ചിട്ടുള്ള കുളം എല്ലാ സമുദായക്കാർക്കു കുളിക്കുവാൻ വേണ്ടിയാകുന്നു?

രാമവർമ്മതമ്പുരാൻ:— ഈ വിഷയം സഭയുടെ വിചാരണയിൽ ഇരിക്കുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ: — ഈ കുളത്തിനു വേണ്ടുന്ന സംഖ്യ അനുവദിച്ചപ്പോൾ ഗവർമ്മെണ്ടിൽനിന്നു് അതു് എല്ലാ കാര്യത്തിനു വേണ്ടിയാണെന്നു ചോദിച്ചിരുന്നില്ലേ?

രാമവർമ്മതമ്പുരാൻ:— അതു മുനിസിപ്പാലിറ്റി വക കുളമാണ്. മുനിസിപ്പാലിറ്റി ഫണ്ടിൽനിന്നും ചിലവുചെയ്യിട്ടുള്ളതാണ്.

മിസ്റ്റർ കെ. പി. വള്ളോൻ:— അതിൽ എല്ലാജാതിക്കാർക്കും കുളിക്കാമോ?

രാമവർമ്മതമ്പുരാൻ:— ആ വിഷയമാണു് ഇപ്പോൾ അനുവദനത്തിൽ ഇരിക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ: — ആ കുളത്തിനുവേണ്ടി ചിലവാക്കീട്ടുള്ളതു് പബ്ലിക്ക വക പണമല്ലേ?

രാമവർമ്മതമ്പുരാൻ: ഈ മുനിസിപ്പാലിറ്റിയിൽനിന്നും ചെയ്യുമ്പോൾ പബ്ലിക്കിന്റെ പണമല്ലേ; പൊതുക്കാര്യത്തിനു് ഉപയോഗിക്കുവാൻ പാടുണ്ടോ? ഒരു പ്രത്യേകസമുദായത്തിനുവേണ്ടി ഇങ്ങിനെ ഒരു കുളം ഉണ്ടാക്കാമോ? കൌൺസിലിനു് ഇതു സമ്മതമാണോ? എങ്ങിനെയൊക്കെയാണു് വേണ്ടതു്? എന്നൊന്നും തിട്ടപ്പെടുത്തിയിട്ടില്ല.

മിസ്റ്റർ ജോഷ്വാ മാക്യാമുറി:— പബ്ലിക്ക പണം ചിലവു ചെയ്യുമ്പോൾ പിന്നെ അനുവദിക്കുവാനൊന്നാണു് ഉള്ളതു്.

രാമവർമ്മതമ്പുരാൻ: — ഇതു കൌൺസിലിൽ പാസാക്കിയതനുസരിച്ചു് ചെയ്യിട്ടുള്ളതാണോ, ഒരു സമുദായക്കാർക്കുമാത്രം ഉപയോഗിക്കുവാൻ വേണ്ടി മറ്റു ചിലരുകാർ അനുകൂലിച്ചിട്ടുണ്ടോ; അങ്ങിനെ കൌൺസിലിൽ പാസാക്കിയതനുസരിച്ചു ചെയ്യുതാണോ എങ്ങിനെയൊക്കെയാണെന്നു് അന്വേഷിച്ചു വേണം പറയുവാൻ.

മിസ്റ്റർ എം. കെ. രാമൻ: — ഇതുണ്ടാക്കുന്നതിനുമുമ്പുതന്നെ പൊതുജനങ്ങളുടെ ആവശ്യത്തിനാണെന്നു പറഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:— പൊതുജനങ്ങളുടെ ആവശ്യത്തിനാണെന്നു് പറയുകയുണ്ടായിട്ടില്ല. മുനിസിപ്പാലിറ്റിയിലെ പണം ചിലവുചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാക്കിയിരിക്കുന്നതുകൊണ്ട് അതു പൊതു ആവശ്യത്തിനാണെന്നുണ്ടെങ്കിൽ പ്രത്യേകിച്ച് അതിനു് അന്വേഷണമൊന്നും വേണ്ട.

മിസ്റ്റർ കെ. അയ്യപ്പൻ:—പഴയ കുളങ്ങൾ എല്ലാവർക്കും തുറന്നു കൊടുക്കണമെന്നു വാദിക്കുന്ന ഇക്കാലത്തു് പുതിയ കുളം ഉണ്ടാക്കി പ്രത്യേക ജാതിക്കാർക്കു കൊടുക്കുവാൻ ഗവൺമെണ്ടിനുവദിക്കുകയോ അന്വേഷിക്കുകയോ ചെയ്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—അതാണു് ഞാൻ മുമ്പു പള്ളരുത്തിമെമ്പറുടെ ചോദ്യത്തിനു് മറുപടി പറഞ്ഞതു്. ഏതു കുളമാണു്; ആർക്കു വേണ്ടിയുണ്ടാക്കിയതാണു എന്നെല്ലാം അന്വേഷിച്ചു വേണം മറുപടി പറയുവാൻ.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി—ഏതു കൊല്ലമായി ആ കുളം കുഴിച്ചിട്ടു്?

രാമവർമ്മതമ്പുരാൻ:— കഴിഞ്ഞ കൊല്ലത്തിലാണെന്നാണു തോന്നുന്നതു്.

മിസ്റ്റർ ജോസഫ്പെട്ട:— ഇതിനെ സംബന്ധിച്ചു ദിവാൻജിയുടെ അടുക്കൽ ഡെപ്യൂട്ടേഷൻ പോയതായിട്ടു് കാണ്മുണ്ടോ?

രാമവർമ്മതമ്പുരാൻ—കാണ്മിയില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ:— ഈ പെരുമക്കൂട്ടികൾക്കെല്ലാം പബ്ലിക്കു് പണമെടുത്തല്ലേ മുണ്ടു വാങ്ങിക്കൊടുക്കുന്നതു്?

രാമവർമ്മതമ്പുരാൻ:—ആ കാര്യം ഇതുപോലെയാണെന്നു ഗവൺമെൻറു വിചാരിക്കുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—മറാക്കും അവിടെ ഇറങ്ങിക്കുടായിനു ബോർഡെഴുതി വച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—ഉണ്ടായിരിക്കുണം.

മിസ്റ്റർ കെ. പി. വള്ളോൻ:— ഇതിനെസംബന്ധിച്ചു തീരുമാനിക്കുവാൻവേണ്ടി ഏതു കൊല്ലമായി?

രാമവർമ്മതമ്പുരാൻ:—വളരെ കൊല്ലമായിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ഒരു കൊല്ലമായിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:— ഇല്ല, ഇല്ല. രണ്ടോ മൂന്നോ മാസമേ ആയിട്ടുള്ളു.

മിസ്റ്റർ എ. ശങ്കരപുതുവാൾ:—കുളത്തിന്റെ പണി അവസാനിച്ചിട്ടു് ഏതു കാലമായി?

രാമവർമ്മതമ്പുരാൻ:—വലിയ പണികളൊന്നുമില്ല. ചില റിപ്പയറുകൾ ചെയ്യുവരികയാണു്. അതു കഴിഞ്ഞോ ഇല്ലയോ എന്നു നിശ്ചയമില്ല.

മിസ്റ്റർ എ. ശങ്കരപുതുവാൾ:—അതിൽ വേനല്ക്കാലത്തു വെള്ളമുണ്ടായിരിക്കുമോ?

രാമവർമ്മതമ്പുരാൻ:—ഉണ്ടാകണം.

മിസ്റ്റർ കെ. പി. വള്ളോൻ:— അതു് എല്ലാജാതിക്കാർക്കും കുളിക്കുന്നതിനു സ്ഥിതിയിൽ ആക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ:—ഇതിലെ കായ്ക്കണക്കും വിചാരണയിലിരിയ്ക്കുമ്പോൾ കരണീയമായതുണ്ടാകാതെ എങ്ങിനെ ചെയ്യും?

മിസ്റ്റർ ജോസ്സഫ് ചാക്യാമറി:— പബ്ലിക്ക് പണം ചിലവുചെയ്യുണ്ടാക്കിയ കണക്ക് എല്ലാജാതിക്കാർക്കും ഉപയോഗിയ്ക്കുവാൻ അനുവാദം വേണോ?

രാമവർമ്മതമ്പുരാൻ:—ഇതു വളരെ ഡിഫിക്കൽട്ട് കൊസ്റ്റ്യനാണ്.

ഡാക്ടർ എ. ആർ. മേനോൻ:—ഗവർമ്മെൻറിൽനിന്നാണോ ഇതിലേയ്ക്കു പണം ചിലവുചെയ്യിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ:— മുനിസിപ്പാലിറ്റിയിൽനിന്നാണെന്നാണ് തോന്നുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ:— മുനിസിപ്പൽ ഫണ്ടു് പബ്ലിക്ക് ഫണ്ടുതന്നെയാണോ?

രാമവർമ്മതമ്പുരാൻ:—പബ്ലിക്ക് ഫണ്ടുതന്നെയാണ്, സംശയമില്ല.

Resolutions passed in the Kanakka-Mahayogam at Cherai.

100. മിസ്റ്റർ കെ. പി. വള്ളോൻ:— ഫ്രഥമൻ ധനു ഫ-ാംനു-ചെറായിൽ വെച്ചു കൂടിയ കണക്കുമഹാജനയോഗത്തിൽ പാസ്സാക്കീട്ടുള്ള നിശ്ചയങ്ങൾ ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെപ്പറ്റി എന്തുചെയ്തു?

രാമവർമ്മതമ്പുരാൻ:— ഫ്രഥമൻ ധനു ഫ-ാംനു-യിലെ കണക്കുമഹാജനയോഗത്തിലെ നിശ്ചയങ്ങൾ ഗവർമ്മെണ്ടിനു കിട്ടിയിട്ടുള്ളതായി കാണുന്നില്ല.

മിസ്റ്റർ പാറേ മാമ്പിള്ളി:— ഗവർമ്മെൻറിലേയ്ക്കു കിട്ടുന്ന ഫർജികളെ സംബന്ധിച്ചും മറ്റും രജിസ്റ്റർ വച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—പെറിഷൻ രജിസ്റ്ററുണ്ട്.

മിസ്റ്റർ പാറേ മാമ്പിള്ളി:— ഈ സഭയിൽ പാസ്സാക്കീട്ടുള്ള നിശ്ചയങ്ങൾ ഗവർമ്മെൻറിലേയ്ക്കയച്ചിട്ടുള്ളതായി ഓർമ്മയുണ്ടോ?

രാമവർമ്മതമ്പുരാൻ:—1109 ധനു 27-ാംനു- കൂടിയ മീറ്റിംഗിനെസംബന്ധിച്ചുള്ള ചോദ്യമാണിതു്. ഇതിനെപ്പറ്റി എഴുതി അയച്ചിട്ടു യാതൊരുമറുപടിയും കിട്ടീട്ടില്ല.

മിസ്റ്റർ പാറേ മാമ്പിള്ളി:— വേറെ വല്ലയിടത്തുംവെച്ചു മഹാജനയോഗങ്ങൾ കൂടുകയോ നിശ്ചയങ്ങൾ പാസാക്കി അയയ്ക്കുകയോ ചെയ്യിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—ഒന്നോ രണ്ടോ കിട്ടിട്ടുണ്ട്.

മിസ്റ്റർ പാറേ മാമ്പിള്ളി:—ചെറായിൽ വെച്ചു കൂടിയ യോഗത്തിലെ നിശ്ചയങ്ങൾ കിട്ടിയതായിട്ടു് ഓർമ്മയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly